പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.285 — 09.06.2014 ൽ മറുപടിയ്ക്ക്

## ആറന്മുളയിലെ പരിസ്ഥിതി പ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതിലോല പ്രദേശമായതിനാൽ ആറന്മുള വിമാനത്താവളത്തിന് അനുമതി നിഷേധിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) കേന്ദ്ര സർക്കാർ ഈ വിമാനത്താവളത്തിന് നൽകിയ അനുമതി ഗ്രീൻ ട്രൈബ്യൂണൽ റദ്ദാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പശ്ചിമഘട്ട മേഖലയെ സംരക്ഷിക്കുവാൻ ഗാഡ്ഗിലും മറ്റും നൽകിയ നിർദ്ദേശങ്ങളെ നിരാകരിച്ചതുപോലെ ആറന്മുള വിമാനത്താവളം സംബന്ധിച്ച ഗ്രീൻ ട്രൈബ്യൂണൽ വിധിയും സ്വീകരിക്കാതിരിക്കാമെന്ന് സർക്കാർ കരുതുന്നുണ്ടോ; | (സി)യും (ഡി)യും ഇല്ല. ഗ്രീൻ ട്രിബ്യൂണൽ വിധിയിന്മേൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിക്കെതിരെ അപ്പീൽ നൽകേണ്ടതില്ല എന്നാണ് സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചതും സ്വീകരിക്കാൻ പോകുന്നതുമായ നടപടികൾ വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ